(സി) കാക്കനാട് കിൻഫ്ര പാർക്കിൽ തുടങ്ങിയിരിക്കുന്ന ഇൻക്യൂബേഷൻ സെന്ററിൽ ഇൻഫർമേഷൻ ടെക്നോളജി ഇലക്ട്രോണിക്സിനും പ്രാമുഖ്യം നൽകും അങ്കമാലിയിലെ ഇൻകെൽ ടവറിലും കോഴിക്കോട് വ്യവസായ വളർച്ചാ കേന്ദ്രത്തിലും തുടങ്ങാനിരിക്കുന്ന ഇൻക്യൂബേഷൻ സെന്ററുകളിൽ നാളികേര അനുബന്ധ വ്യവസായങ്ങൾക്കും മറ്റ് ഭക്ഷ്യസംസ്കരണ വ്യവസായങ്ങൾക്കും തിരുവനന്തപുരത്ത് ലൈഫ് സയൻസ് പാർക്കിൽ തുടങ്ങാനിരിക്കുന്ന ഇൻക്യൂബേറ്ററിൽ ലൈഫ് സയൻസ് അനുബന്ധ വ്യവസായങ്ങൾക്കുമാണ് പ്രാമുഖ്യം നൽകിയിരിക്കുന്നത്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണം

250 (2488) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനുമായി നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖല സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനായി നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(സി) കേന്ദ്ര സർക്കാർ ഏജൻസികളുമായും, സംസ്ഥാന സർക്കാർ വകുപ്പുകളുമായും ബന്ധപ്പെട്ട കേന്ദ്ര - സംസ്ഥാന പൊതുമേഖല സ്ഥാപനങ്ങൾക്ക് കൂടുതൽ ഓർഡറുകൾ നേടുന്നതിനും വാണിജ്യ വ്യവസായ രംഗം വിപുലീകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തി കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള ദീർഘവീക്ഷണത്തോടെയുള്ള വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നതിന്റെ അടിസ്ഥാന കാരണങ്ങൾ കണ്ടെത്തി ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണമുൾപ്പെടെയുള്ള നവീകരണ വിപുലീകരണ പദ്ധതികൾ ആവിഷ്കരിച്ചും വിപണന രംഗം ശക്തിപ്പെടുത്തിയും പ്രവർത്തനം മെച്ചപ്പെടുത്തുന്ന നടപടികൾ ഇതിനകം തന്നെ ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി കഴിഞ്ഞ മൂന്നു വർഷമായി 563.68 കോടി രൂപയുടെ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള 150 കോടി രൂപ പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള വികസന പദ്ധതികൾക്കായി അനുവദിച്ചുവരുന്നു.

(ബി) ലാഭത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഫാക്ട് ലിമിറ്റഡ് നേരിടുന്ന വൻസാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് ഫാക്ടിന്റെ എൽ.എൻ.ജി. അധിഷ്ഠിത പ്രവർത്തനങ്ങൾക്ക് വാങ്ങുന്ന എൽ.എൻ.ജി.-യിന്മേലുള്ള 14.5 ശതമാനം മൂല്യവർദ്ധിത നികുതി (കെ.വി.എ.റ്റി.) ഒഴിവാക്കിക്കൊടുക്കാൻ സംസ്ഥാന സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഫാക്ടിന്റെ ദീർഘകാലാടിസ്ഥാനത്തിലുള്ള ലാഭകരമായ പ്രവർത്തനം ലക്ഷ്യം വച്ചുകൊണ്ട് ഫാക്ട് സമർപ്പിച്ച 991 കോടി രൂപയുടെ സാമ്പത്തിക പാക്കേജ് കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ബോർഡ് ഫോർ റീകൺസ്ട്രക്ഷൻ ഓഫ് പബ്ലിക് എന്റർപ്രൈസസ് (ബി.ആർ.പി.എസ്.ഇ.) ശിപാർശ ചെയ്ത് കേന്ദ്ര രാസവളം മന്ത്രാലയം അംഗീകരിക്കുകയും, കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക കാര്യങ്ങൾക്കായുള്ള മന്ത്രിതല സമിതിയുടെ അംഗീകാരത്തിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പാക്കേജിലൂടെ അനുവദിച്ച സാമ്പത്തിക സഹായം എത്രയുംവേഗം ഫാക്ടിന് അനുവദിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് ബഹുമാനപ്പെട്ട കേന്ദ്ര മുഖ്യമന്ത്രി, ബഹുമാനപ്പെട്ട പെട്രോളിയം പ്രകൃതി വാതക വകുപ്പുമന്ത്രിക്ക് കത്തയച്ചിട്ടുണ്ട്. മറ്റു കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിക്കുന്ന വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഉണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു :

- സിമന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുമായി സഹകരിച്ച് മലബാർ സിമന്റ്സിന് ക്ലിങ്കർ ലഭ്യമാക്കി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു.
- കോട്ടൺ കോർപ്പറേഷൻ ഓഫ് ഇന്ത്യയുമായി സഹകരിച്ച് ടെക്സ്റ്റയിൽ മില്ലുകൾക്ക് ആവശ്യമായ ഗുണമേന്മയുള്ള പഞ്ഞി ലഭ്യമാക്കി.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

- കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ആന്ധ്രപ്രദേശ് സർക്കാരിൽ നിന്നും ഓർഡറുകൾ കരസ്ഥമാക്കിയിട്ടുണ്ട്.
- കെൽ, ട്രാക്കോ എന്നീ സ്ഥാപനങ്ങൾ കർണ്ണാടക സർക്കാർ സ്ഥാപനമായ ബെസ്റ്റ്കോമിൽ നിന്ന് കൂടുതൽ ഓർഡറുകൾ നേടി വിപണി വിപുലീകരണം നടത്തിയിട്ടുണ്ട്.
- കെൽട്രോണിന്റെ പ്രവർത്തന വിപുലീകരണത്തിന്റെ ഭാഗമായി വി.എസ്.എസ്.സി.-യുമായി യോജിച്ച് പ്രവർത്തനം നടത്തുന്നുണ്ട്. കൂടാതെ കേന്ദ്ര പ്രതിരോധ വകുപ്പിൽ നിന്നും വകുപ്പിന്റെ കീഴിലുള്ള ഏജൻസികളിൽനിന്നും കൂടുതൽ ഓർഡറുകൾ ലഭിച്ചുവരുന്നു.
- സ്റ്റീൽ&ഇൻഡസ്ട്രിയൽ ഫോർജിംഗ്സിന് വി.എസ്.എസ്.സി.-യിൽ നിന്നും കേന്ദ്ര പ്രതിരോധ വകുപ്പിൽ നിന്നും ഓർഡറുകൾ ലഭിക്കുന്നുണ്ട്.
- മേൽപ്പറഞ്ഞവ കൂടാതെ മറ്റുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്കും കേരളത്തിലെ ഇതര സർക്കാർ വകുപ്പുകളിൽനിന്നും ഇതര സംസ്ഥാനങ്ങളിലെ വകുപ്പുകളിൽ നിന്നും ആവശ്യമായ ഓർഡറുകൾ ലഭിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നുണ്ട്.

യെസ് സംഗമം 2014

251 (2489) ശ്രീ. വി. ടി. ബൽറാം :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. പി. സി വിഷ്ണുനാഥ് :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 'യെസ്' (Young Entrepreneur Summit) 2014 സംഘടിപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) എന്തെല്ലാം ആശയങ്ങളാണ് സമ്മിറ്റ് വഴി മുന്നോട്ട് വച്ചത്;

(ഡി) എന്തെല്ലാം തുടർനടപടികളാണ് ഇതിന്മേൽ നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത് : വിശദാംശങ്ങൾ എന്തെല്ലാം ?

LIBRARY ARCHIVES Kerala Legislative Assembly